# അനുശോചനസന്ദേശം

എൻ.എസ്.എസ്. പ്രസിഡന്റ് ആയിരുന്ന അഡ്വ. പി.എൻ. നരേന്ദ്ര നാഥൻനായരുടെ നിര്യാണം നായർ സർവീസ് സൊസൈറ്റിക്കും സമുദായാംഗങ്ങൾക്കും ഒരു തീരാനഷ്ടമാണ്.

ജില്ലാ ജഡ്ജി സ്ഥാനത്തുനിന്നും വിരമിച്ചശേഷം 1990 മുതൽ 31 വർഷം എൻ.എസ്.എസ്. ഡയറക്ടർ ബോർഡ് അംഗമായും ഇതിനിടയിൽ എൻ.എസ്.എസ്. ട്രഷറർ ആയും 2012 മുതൽ എൻ.എസ്.എസ്. പ്രസിഡന്റ് ആയും സേവനമനുഷ്ഠിച്ചു.

ആരോഗ്യപരമായ കാരണങ്ങളാൽ പ്രസിഡന്റുസ്ഥാനത്ത് തുടരുന്നതിന് പറ്റാതെവന്നപ്പോഴാണ് ഒരുമാസം മുമ്പ് അദ്ദേഹം സ്വയം സ്ഥാനം ഒഴിഞ്ഞത്.

ഇക്കാലമത്രയും നായർ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനത്തിന് പിന്തുണയും നേതൃത്വവും നല്കിയ അദ്ദേഹത്തിന്റെ സംശുദ്ധമായ സേവനം ആരാലും അംഗീകരിക്കപ്പെടുന്നതാണ്.

അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ നായർ സർവീസ് സൊസൈറ്റിയും പങ്കുചേരുന്നു.

അദ്ദേഹത്തോടുള്ള ആദരസൂചകമായി എൻ.എസ്.എസ്. ഹെഡ് ഓഫീസിനും, താലൂക്ക് യൂണിയൻ ഓഫീസുകൾക്കും നാളെ (20.7.2022) അവധി ആയിരിക്കുന്നതാണ്.

പെരുന്ന
19.7.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി